LIBRARY ARCHIVES Kerala Legislative Assembly

(ബി) പാരിസ്ഥിതിക ആശങ്കകൾ പരിഹരിച്ച് പുതിയ അണക്കെട്ടുകൾ പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

2018-19 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൂടുതൽ ഭീഷണി നേരിട്ട നദീതടങ്ങളിൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ (CWC) പ്രളയ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രാഥമിക സാധ്യതാപഠനം (Hydrological Feasibility Study) നടത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള അണക്കെട്ടുകളിൽ പരമാവധി വെള്ളം സംഭരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2018-19 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തെ തുടർന്ന് ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ, എക്കൽ എന്നിവ നീക്കി അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്നതിനായുള്ള ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മംഗലം ഡാമിന്റെ ജല സംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ നടന്നു വരുന്നു. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കുകയും റീ-ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിക്കുകയും അപ്രകാരം ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മറ്റു ജലാശയങ്ങളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു.

നെയ്യാറ്റിൻകര പുല്ലാമലയിൽ നെയ്യാർ ബണ്ട് പുനർ നിർമ്മാണം

286(1032) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ നെയ്യാർ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബണ്ട് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ബണ്ട് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഡി.പി.ആർ. എത്ര കോടി രൂപയുടേതെന്നും വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ തുടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ നെയ്യാർ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബണ്ടിന്റെ ഗാബിയോൾ പ്രൊട്ടക്ഷൻ വോളിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി. സംഘം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അതിന്മേൽ സൂപ്രണ്ടിങ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ഐ.ഡി.ആർ.ബി., ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി, ആയത് അന്തിമഘട്ടത്തിലാണ്. പ്രസ്തുത ഡിസൈൻ പൂർത്തിയായതിനുശേഷം മാത്രമേ പദ്ധതിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. ആയതിനുശേഷം മാത്രമേ സാങ്കേതിക അനുമതിക്കും ടെണ്ടർ നടപടികളിലേയ്ക്കും കടക്കുവാൻ കഴിയുകയുള്ളൂ.

മംഗലം ഡാം കുടിവെള്ള പദ്ധതി

287(1033) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടമായി സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 24.5 എം.എൽ.ഡി ജലശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ ഉൾപ്പെടുന്ന ഒന്നാം ഘട്ടം 68% പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ 2017-18-ൽ 2 കോടി രൂപയുടെ ഭരണാനുമതി കൂടി ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിലെ മറ്റ് ഘടകങ്ങൾക്ക് നൽകിയിരുന്നു. ഇതിൽ 2 പാക്കേജുകൾ ഉൾപ്പെടുന്നു. പാക്കേജ് 1- ഡാമിനകത്ത് ഇൻടേക് ബ്രിഡ്ജിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. പാക്കേജ് 2- ഡാമിൽ നിന്നും ജലശുദ്ധീകരണ ശാലയിലേക്ക് പമ്പ് ചെയ്യുന്നതിനുള്ള ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പ് സെറ്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി പല തവണ ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാൽ പുതുക്കിയ എസ്.ഒ.ആർ. പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കിഫ്ബി 2017-18 രണ്ടാം ഘട്ടത്തിലായി വണ്ടാഴി, കിഴക്കഞ്ചേരി,

LIBRARY ARCHIVES Kerala Legislative Assembly